പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1873

14 -07 -2011 - ൽ
മറുപടിയ്ക്ക്

## മെഡിക്കൽ മാലിന്യ സംസ്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ.കെ.എം. ഷാജി : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) മെഡിക്കൽ മാലിന്യ സംസ്കരണത്തിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ; | (എ) ആശുപത്രികളുടെ ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ഐ.എം.എ യുടെ 'ഇമേജ്' പ്രോജക്റ്റ് 'വഴി നടപ്പിലാക്കി വരുന്നു. കേരളത്തിലെ എൻ.എ.ബി.എച്ച്.അക്രഡിറ്റേഷന് വേണ്ടി തെരഞ്ഞെടുത്ത 14 ആശുപത്രികളിൽ മെഡിക്കൽ മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ജീവനക്കാർക്ക് എൻ.ആർ.എച്ച്.എം.മുഖേന പരിശീലനം നൽകിയിട്ടുണ്ട്. മെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം ഇനം തിരിച്ച് കളർകോഡഡ് ബാഗുകളിൽ സംഭരിച്ച് ഒരു പ്രത്യേക കാലയളവിലാണ് നീക്കം ചെയ്യുന്നത്. |
| (ബി) ഈ വിഷയത്തിൽ ആധുനിക സംവിധാനങ്ങളെന്തെങ്കിലും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) ആധുനികമായ രീതിയിലാണ് ഇപ്പോൾ ഇമേജ് പ്രോജക്റ്റ് നടപ്പിലാക്കി വരുന്നത്. |
| (സി) മെഡിക്കൽ വേസ്റ്റിന്റെ അളവു കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളെകുറിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ; | (സി) ബയോ മെഡിക്കൽ വേസ്റ്റുകളെ ആശുപത്രി പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും തരംതിരിച്ച് പ്രത്യേക ബക്കറ്റുകളിൽ ശേഖരിച്ച് ഓരോന്നിനും അനുയോജ്യമായ രീതിയിലുള്ള സംസ്കരണം നടത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. തരംതിരിച്ച് ശേഖരിക്കുക വഴി ബയോ മെഡിക്കൽ വേസ്റ്റിന്റെ അളവ് കുറയ്ക്കാ വുന്നതാണ്. |
| (ഡി) കുത്തിവയ്പ്, സർജറി എന്നീ ചികിത്സാരീതികൾ ആവശ്യമായ | (ഡി) കുത്തിവയ്പ്, സർജറി മുതലായ ചികിത്സാ രീതികൾ ആവശ്യമായ |

ഘട്ടങ്ങളിൽ മാത്രമായി പരിമിതപ്പെടുത്താനാകുമെന്നും അങ്ങനെ ചെയ്താൽ മെഡിക്കൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനാകുമെന്നുമുള്ള വിദഗ്ധരുടെ അഭിപ്രായഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് വിലയിരുത്തൽ നടത്തി തുടർനടപടി സ്വീകരിക്കുമോ ?

ഘട്ടങ്ങളിൽ മാത്രമാണ് ഉപയോഗിക്കുന്നത്. ആരോഗ്യ വകുപ്പ് നടത്തിവരുന്ന വിവിധ വിഭാഗം ജീവനക്കാർക്കുള്ള പരിശീലന പരിപാടികളിൽ ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.